അന്താരാഷ്ട്ര പുഷ്പമേളയായ പൂപ്പൊലി 2025 (അമ്പലവയൽ, വയനാട്) നടത്തുന്നതിന്റെ Expression of Interest (EOI) ക്ഷണിക്കുന്നു.

1. **ആമുഖം**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ അമ്പലവയലിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ എല്ലാ വർഷവും ജനുവരി 1 മുതൽ 15 ദിവസങ്ങളിലായി നടത്തപ്പെടുന്ന അന്താരാഷ്ട്ര പുഷ്പ ഫല പ്രദർശന മേളയാണ് പൂപ്പൊലി. ഇപ്രകാരം പൂപ്പൊലി നടത്തുന്നതിന് താൽപ്പര്യമുള്ള ഏജൻസികളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിയ്ക്കുന്നു. ഇതിന്റെ പ്രവർത്തന സമയം രാവിലെ 9.00 മണി മുതൽ രാത്രി 10.00 വരെ ആയിരിക്കും. മുൻ വർഷങ്ങളിൽ പൂപ്പൊലി സന്ദർശകരായി ശരാശരി 5 ലക്ഷത്തോളം പേർ എത്തിയിരുന്നു.

2. **പ്രവർത്തനങ്ങൾ**

പൂപ്പൊലിയുടെ ഭാഗമായി എക്സിബിഷനുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, അമ്യൂസ്മെന്റ് റൈഡുകൾ, ഫുഡ്കോർട്ട് ഉൾപ്പെടെയുള്ള പരിപാടികൾ ആണ് ആർ.എ.ആർ.എസ് എസിലെ 13 ഏക്കറോളം വ്യാപിച്ചുകിടക്കുന്ന ഗ്രൗണ്ടിൽ സംഘടിപ്പിക്കാറുള്ളത്.

3. Expression of Interest (EOI) അപേക്ഷകർ :

ഗവ: സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ. എൻ.ജി. ഒ കൾ പ്രൈവറ്റ് സ്ഥാപനങ്ങൾ, കർഷക സംഘടനകൾ ഉൾപ്പെടെ സമാനരീതിയിൽ പ്രവർത്തി പരിചയമുള്ളവരിൽ നിന്നും ആണ് ഇതിനുള്ള തൽപ്പര്യപത്രം ക്ഷണിക്കുന്നത്. സമാനരീതിയിലുള്ള ഒരു പരിപാടിയെങ്കിലും നടത്തിയിട്ടുള്ളവരായിരിക്കണം അപേക്ഷകർ. സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ, മുമ്പ് ഇത്തരം പ്രവർത്തികൾ നടത്തിയതിന്റെ രേഖകൾ, പരിപാടി നടത്തുവാൻ ഉദ്ദേശിക്കുന്നതിന്റെ പദ്ധതി രേഖ എന്നിവയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഗവൺമെന്റോ, അർദ്ധസർക്കാർ സ്ഥാപനങ്ങളോ, കോർപ്പറേറ്റുകളോ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയവരെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

4. **നടത്തുന്ന തീയതികൾ**

| ഇനം | തീയതി |
|---|---|
| 1. പ്രസിദ്ധപ്പെടുത്തുന്നത്- | 03.12.2024 |
| 2. EOI സമർപ്പിക്കേണ്ട അവസാന തീയതി- | 17.12.2024, 12 pm |
| 3. EOI തുറക്കുന്ന തീയതി | 17.12.2024, 2:30 pm |

5. **പ്രൊസസിംഗ് ഫീ**

Expression of Interest (EOI) പ്രകാരം അപേക്ഷ സമർപ്പിക്കുന്നവർ കരാർ ലഭിക്കുന്നവർ തിരിച്ച് നല്കേണ്ടാത്ത രീതിയിൽ പ്രൊസസിംഗ് ഫീസായി 5000/- രൂപ സമർപ്പിക്കേണ്ടതാണ്. ഇത് ഡിമാന്റ് ഡ്രാഫ്റ്റായി **അസ്സോസിയേറ്റ് ഡയറക്ടർ, ആർ.എ.ആർ.എസ് അമ്പലവയൽ** എന്ന പേരിൽ നൽകേണ്ടതാണ്.

6. **അപേക്ഷകരുടെ തിരഞ്ഞെടുപ്പ്**

a) ഇതിനായി നിയോഗിക്കുന്ന കമ്മറ്റി, അപേക്ഷകളും അനുബന്ധ രേക്ഷകളും പരിശോധിച്ചതിനുശേഷമാണ് അപേക്ഷകരെ തിരഞ്ഞെടുക്കുന്നത്

b) അപേക്ഷകരെ തിരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അവകാശം സർവ്വകലാശാലയ്ക്കായിരിക്കും

c) സ്ഥലം സന്ദർശിക്കേവർക്ക് ആയതിനുള്ള അവസരം നല്കിയതിനുശേഷം അപേക്ഷകരുമായി വിശദമായ ഒരു യോഗം വിളിക്കുകയും തുടർന്ന് യോഗ്യരായവരെ തിരഞ്ഞെടുക്കയും ചെയ്യുന്നതാണ്.

7. **എഗ്രിമെന്റ്:**

തിരഞ്ഞെടുക്കപ്പെടുന്നവർ കാർഷിക സർവ്വകലാശാലയുമായി ജോലി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒരു എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്.

8. **അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ**

ചുവടെ കാണിച്ചപ്രകാരം അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

a) Annexure I ലുള്ള അപേക്ഷ

b) Annexure II ലുള്ള അപേക്ഷ (ബന്ധപ്പെട്ട രേഖകൾ സഹിതം)

c) സീൽ ഡ് കവറിൽ സമർപ്പിക്കുന്ന അപേക്ഷയുടെ കവറിന് പുറത്ത് **' പൂപ്പൊലി 2025 നടത്തിപ്പിനുള്ള EOI' എന്ന് രേഖാപ്പെടുത്തേണ്ടതും,** ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശൂർ എന്ന മേൽ വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

8) **<u>ജോലിയുടെ സ്വഭാവം</u>**

a) EOI ലഭിക്കുന്ന ഇവന്റ് മാനേജ് മെന്റ് സ്ഥാപനങ്ങൾ ചുവടെ കാണിച്ച രീതിയിലുള്ള ജോലികൾ സമയബന്ധിതമായി തീർക്കേണ്ടതാണ്. അനുവദിക്കുന്ന 15000 സ്ക്വയർ മീറ്റർ സ്ഥലത്ത് വിവിധ സ്റ്റാളുകൾ സ്ഥാപിക്കേണ്ടതും, വിവിധ അമ്യൂസ്മെന്റ് റൈഡുകൾ, പെഡൽ ബോട്ടുകൾ, കുട്ടികൾക്കുള്ള വിവിധ വിനോദോപാധികൾ എന്നിവയും സ്ഥാപിച്ച് നൽകേണ്ടതാണ്. ഇവിടെയുള്ള 2 കുളവും (ഒരു ഏക്കർ) ഒരു കൃത്രിമ കുളവും (240 സ്ക്വയർ മീറ്റർ) ബോട്ടിംങ്ങിനോ മറ്റോ ആവശ്യങ്ങൾക്കോ ഉപയോഗിക്കാവുന്നതാണ്. ഇതിലെ ജലം മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാൻ പാടുള്ളതല്ല. കുളത്തിന് കേടുപാട് വരുത്തുകയോ, ജലം മലിനമാക്കുന്ന ഒരു പ്രവർത്തനങ്ങളും നടത്തുവാൻ പാടുള്ളതല്ല. മേൽ സ്ഥലത്ത് 4600 സ്ക്വയർ മീറ്ററോളം വരുന്ന മേൽക്കൂരയും താഴ് ഭാഗം കോൺക്രീറ്റുമുള്ള സ്റ്റാളുകളും 325 സ്ക്വയർ മീറ്ററുമുള്ള ഒരു പോളിഹൗസ് ടണലും 275 സ്ക്വയർ മീറ്റർ വരുന്ന ഒരു മണ്ഡപവും ഉള്ളത് ഉപയോഗിക്കാവുന്നതാണ്. ഈ സ്റ്റാളുകളിൽ നിരോധിത സാധനങ്ങൾ, ഒഴികെ ഉള്ള ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും വിനിയോഗിക്കാവുന്നതാണ്. അനുവദിക്കുന്ന സ്ഥലത്ത് ഫുഡ്കോർട്ടുകളും, ഐസ്ക്രീം സ്റ്റാളുകൾ മുതലായവ പ്രവർത്തിപ്പിക്കാവുന്നതാണ്. അംഗീകാരം ലഭിക്കുന്നവർക്ക് അനുവദിച്ചിരിക്കുന്ന സ്ഥലം കൂടാതെ 5 ഇടങ്ങളിൽ കൂടി 15 x 10 അടി സ്ഥലം വിസ്തൃതിയിൽ വിൽപ്പന സ്റ്റാളുകൾ ഇടുന്നതിന് അനുവാദം നൽകുന്നതാണ്.

b) പൂപ്പൊലി ദിവസങ്ങളിൽ കലാപരിപാടികൾ നടത്താവുന്നതാണ്. പ്രവേശനടിക്കറ്റ് എടുത്തിട്ടുള്ള എല്ലാവർക്കും ഇത് സൌജന്യമായിവീക്ഷിക്കുന്നതിന് അവസരം നൽ കേണ്ടതുമാണ്. എല്ലാ ദിവസങ്ങളിലും കലാപരിപാടികൾ നടത്തുന്നതിനായി 800 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള സ്റ്റേജും 2 ഏക്കറോളം വരുന്ന ഗ്രൗണ്ടും ഉപയോഗിക്കാവുന്നതാണ്. പൂപ്പൊലിയുടെ ഉദ്ഘാടനത്തിനും, മറ്റ് സമാന ആവശ്യങ്ങൾക്കുമായി ഈ സ്ഥലം കാർഷിക സർ വ്വകലാശാലയ്ക്ക് വിട്ടുനൽ കേണ്ടതാണ്.

c) 13 ഏക്കർ വരുന്ന പൂപ്പൊലിനഗരി മുഴുവനായി ശബ്ദവും, വെളിച്ചവും ഏർ പ്പാടാക്കേണ്ടതാണ്.

d) പൂപ്പൊലി ഗാർഡൻ ഒഴികെയുള്ള എല്ലാ സ്ഥലങ്ങളിലും സെക്യൂരിറ്റി സംവിധാനവും, പാർക്കിംഗ് സംവിധാനവും ഏർപ്പാടാക്കേണ്ടതാണ്. പൂപ്പൊലി നഗരിയിലേയ്ക്കുള്ള പൂപ്പൊലി ടിക്കറ്റ് വിതരണവും പൂർണ്ണമായും ഏറ്റെടുത്ത് ചെയ്യേണ്ടതാണ്.

e) ടിക്കറ്റ് നിരക്ക് മുതിർന്നവർക്ക് ഒരാൾക്ക് 60 രൂപയും കുട്ടികൾക്ക് 30 രൂപയും ആയി നിജപ്പെടുത്തേണ്ടതാണ്. ( 6 വയസ്സ് വരെ സൌജന്യം, 6 വയസ്സ് മുതൽ 15 വയസ്സ് വരെ 30/- രൂപ, 15 വയസ്സിന് നു മുകളിൽ 60/- രൂപ). കൂടാതെ സ്കൂളുകളിൽ നിന്ന് വരുന്ന വിദ്യാർത്ഥികൾക്ക് റ്റിക്കറ്റ് നിരക്കിൽ അർഹമായ ഇളവ് അനുവദിക്കേണ്ടതാണ്. ടിക്കറ്റ് വിതരണം ചെയ്യുന്നതിനായി രണ്ട് സ്ഥലങ്ങളിലായി 15 ടിക്കറ്റ് കൗണ്ടറുകൾ അനുവദിക്കാവുന്നതാണ്. പ്രവേശനം ഓൺലൈൻ മുഖാന്തിരം ഏർപ്പെടുത്താവുന്നതാണ്.

f) പൂപ്പൊലി ഗ്രൗണ്ടിലെ പരിപാടികൾ ഹരിതചട്ട പ്രകാരം മാത്രമേ നടത്തുവാൻ പാടുള്ളൂ. അതാത് ദിവസങ്ങളിൽ തന്നെ ജൈവ അജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്. ഇതിനായി ശുചിത്വമിഷൻ, ഹരിതകർമ്മസേന എന്നിവരുടെ നിർദ്ദേശങ്ങളും സ്വീകരിക്കേണ്ടതാണ്.

g) നിലവിൽ ഉള്ള 15 ശുചിമുറികൾ പരിപാലിക്കേണ്ടതാണ്. ഇവിടേയ്ക്ക് വേണ്ട ആവശ്യമുള്ള വെള്ളം ആർ.എ.ആർ.എസ് നൽകുന്നതാണ്.

h) നിലവിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സിസി ടിവി ക്യാമറകൾക്ക് പുറമെ പൂപ്പൊലി ഗാർഡനിലെ എല്ലാ സ്ഥലങ്ങളിലും ഏജൻസി സിസി ടിവി കവറേജ് ഏർപ്പെടുത്തേണ്ടതാണ്.

i) പൂപ്പൊലി സന്ദർശിക്കുന്നവർക്ക് രണ്ടിടങ്ങളിലായി കുടിവെള്ളം നൽകുന്നതിനുള്ള സംവിധാനം ആർ.എ.ആർ.എസ് ഏർപ്പാടാക്കുന്നതാണ്. കൂടുതൽ സംവിധാനം ഏജൻസി ഏർപ്പാടാക്കേണ്ടതാണ്.

j) പൂപ്പൊലിയുടെ എല്ലാ പരിപാടികൾക്കും മൊത്തമായി മതിയായ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തേണ്ടതാണ്.

k) പൂപ്പൊലിയുടെ എല്ലാപരിപാടികളുടെയും ഓഡിയോ-വീഡിയോ റെക്കോർഡിംഗുകൾ നടത്തേണ്ടതും, ഇതിന്റെ ഒരു പകർപ്പ് കാർഷിക സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

l) പൂപ്പൊലിയുടെ പ്രചരണത്തിനായി മതിയായ പരസ്യം നൽകേണ്ടതും ഇതിനായി പ്രമോഷനൽ വീഡിയോ ഉൾപ്പെടെയുള്ളവ നിർമ്മിക്കേണ്ടതുമാണ്. കൂടാതെ പൂപ്പൊലി ഗാർഡനിൽ രണ്ട് സ്ഥലങ്ങളിലെങ്കിലും LED Wall കൾ സ്ഥാപിക്കേണ്ടതാണ്.

m) പൂപ്പൊലി ഗ്രൗണ്ടിനോട് ചേർന്ന് കിടക്കുന്ന വയൽ (2.5 ഏക്കർ) ഏജൻസിക്ക് വിട്ടുനൽകുമെങ്കിലും വയലിന്റെ രൂപമാറ്റം വരുത്തുവാൻ അനുവദിക്കുന്നതല്ല.

n) അംഗീകരിക്കുന്ന സ്ഥാപനങ്ങൾക്ക് അവരുടെ ഒരു കൺട്രോൾ റൂം ആർ.എ.ആർ.എസിൽ സ്ഥാപിക്കണ്ടതും ബന്ധപ്പെടുന്നതിനായി ചുമതലയുള്ള ജീവനക്കാരെ അവിടെ സദാസമയവും നിയോഗിക്കേണ്ടതുമാണ്.

o) സ്റ്റാളുകൾ നടത്തുന്നതിന്റേയും ലൈറ്റിംങ്ങിന്റേയും വിവിധ റൈഡുകൾ നടത്തുന്നതിനും ആവശ്യമായ ലൈസൻസുകളും അവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ നേടേണ്ടതാണ്. ഇപ്രകാരം ഉള്ള ലൈസൻസുകൾ പരിപാടി തുടങ്ങുന്നതിന് മുൻപായി തന്നെ സംഘടിപ്പിക്കേണ്ടതും ആയതിന്റെ പകർപ്പുകൾ കമ്മിറ്റിയ്ക്ക് നൽകേണ്ടതുമാണ്.

p) ഏറ്റെടുക്കുന്ന പരിപാടികൾ ഉന്നത ഗുണനിലവും, സുരക്ഷാക്രമീകരണങ്ങളും പാലിച്ചുകൊണ്ട് മാത്രമേ സംഘടിപ്പിക്കുവാൻ പാടുള്ളൂ.

q) ഭക്ഷണ വിതരണം ബന്ധപ്പെട്ട സർക്കാർ മാനദണ്ഡങ്ങൾ കർശനമമയി പാലിച്ചുകൊണ്ടാവണം.

r) കരാറുകാർ ചെയ്യുന്ന എല്ലാ പ്രവർത്തികൾക്കും ആവശ്യമുള്ള വെള്ളം അവർ തന്നെ ഏർപ്പാടാക്കേണ്ടതാണ്.

s) കരാറുകാരൻ ഏറ്റെടുക്കുന്ന എല്ലാ പ്രവർത്തികളുടെയും പരിശോധന നടത്തുന്നതിനുള്ള എല്ലാ അധികാരങ്ങളും കാർഷിക സർവ്വകലാശാലയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

t) പൂപ്പൊലി കഴിഞ്ഞതിനുശേഷം ഏജൻസികൾ ചെയ്തിട്ടുള്ള എല്ലാ നിർമ്മാണങ്ങളും 10 ദിവസത്തിനുള്ളിൽ സ്ഥാപനത്തിന്റെ മറ്റ് വസ്തുക്കൾക്ക് കേടുപാടുകൾ വരാത്തവിധം നീക്കം ചെയ്യേണ്ടതാണ്.

u) കാർഷിക സർവ്വകലാശാല നിർദ്ദേശിക്കുന്നവർക്ക് പൂപ്പൊലി ഗാർഡനിൽ പ്രവേശനം സൗജന്യമായി അനുവദിക്കേണ്ടതാണ്.

v) കാർഷിക സർവ്വകലാശാല നിശ്ചയിക്കുന്ന ഓർഗനൈസിംഗ് **കമ്മിറ്റിയ്ക്ക്** പൂപ്പൊലിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാപരിപാടികളും പരിശോധിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കും.

**സെക്യൂരിറ്റി ഡെപ്പോസിറ്റ്:**

നിരത ദ്രവ്യമായി 6 ലക്ഷം രൂപ മുൻകൂറായി **അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസിന്റെ പേരിൽ ഡി.ഡി/ഓൺലൈൻ** ആയി അടയ്ക്കേണ്ടതാണ്. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം കാർഷിക സർവ്വകലാശാല്യ്ക്ക് ഉണ്ടാകുന്ന നഷ്ടം ഇതിൽ നിന്നും ഈടാക്കുന്നതാണ്. അക്കൗണ്ട് വിവരങ്ങൾ താഴെ ചേർക്കുന്നു.

**Associate Director of Research**

**A/c.No.38927507799, IFSC:SBIN0070615, SBI, Kolagappara**

**ബഡ്ജറ്റ്:**

പൂപ്പൊലി നടത്തുന്നതിനുള്ള അടിസ്ഥാന വില 1 കോടി 25 ലക്ഷം രൂപ ( ജി.എസ്.ടി പുറമെ) ആണ് നിശ്ചയിച്ചിട്ടുള്ളത്. EOI-യിൽ പ്രതിപാദിച്ച തുക പൂപ്പൊലി തുടങ്ങുന്നതിന് 5 ദിവസം മുൻപായി അടച്ച് തീർക്കേണ്ടതാണ്. കൂടുതൽ തുക നൽകുവാൻ തയ്യാറുള്ളവർക്ക് **കമ്മറ്റിയുടെ** അംഗീക്കരത്തിന് വിധേയമായി കരാർ ഉറപ്പിച്ച് നൽകുന്നതുമാണ്.

ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്
ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്,
കേരള കാർഷിക സർവ്വകലാശാല,
വെള്ളാനിക്കര (പി.ഒ), തൃശൂർ- 680 656

## ANNEXURE I

### Expression of Interest നുള്ള അപേക്ഷ

സ്വീകർത്താവ് :

ഡയറക്ടർ
ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്,
കേരള കാർഷിക സർവ്വകലാശാല,
വെള്ളാനിക്കര, തൃശൂർ- 680 656

വിഷയം: പൂപ്പൊലി 2025 നടത്തുന്നതിനുള്ള EOI സമർപ്പിക്കുന്നത് സംബന്ധിച്ച്.

സർ,

..........................................................................................തീയതിയിൽ പ്രസിദ്ധപ്പെടുത്തിയ പൂപ്പൊലി 2025 നടത്തുന്നതിനുള്ള Expression of Interest (EOI) പ്രകാരം 2025 ലെ പൂപ്പൊലി നടത്തുന്നതിന് താൽപ്പര്യപത്രം സമർപ്പിക്കുന്നു. ഇതോടൊപ്പം ചുവടെ കാണിച്ച രേഖകളും, സീൽഡ് കവറിൽ സമർപ്പിക്കുക.

Annexure I ലുള്ള അപേക്ഷ

Annexure II ലുള്ള അപേക്ഷ (ബന്ധപ്പെട്ട രേഖകൾ സഹിതം)

**വിശ്വസ്തതയോടെ**

അപേക്ഷകന്റെ ഒപ്പ്

പൂർണ്ണ വിലാസം:

ഉള്ളടക്കം: മേൽ പ്രകാരം

# ANNEXURE II

| ക്രമ നം | വിവരണം | അപേക്ഷകൻ നല്കുന്ന വിവരങ്ങൾ |
|---|---|---|
| 1 | അപേക്ഷകരുടെ പൂർണ്ണ മേൽ വിലാസം | |
| 2 | ഫോൺ നമ്പർ | |
| 3 | ഇതുപോലുള്ള സമാന രീതിയിൽ ഏറ്റെടുത്ത് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | |
| 4 | ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ | |
| | | |

മേൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണെന്നും, സർവ്വകലാശാലയുടെ എല്ലാ നിയമാവലികളും പാലിച്ചുകൊള്ളാമെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**അപേക്ഷകന്റെ ഒപ്പ്:**

**അപേക്ഷകന്റെ പേര്:**

**പൂർണ്ണ മേൽ വിലാസം**

സ്ഥലം:

തീയതി:

ഉള്ളടക്കം:

1. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സർ ട്ടിഫിക്കറ്റ് (ജി.എസ്.ടി നമ്പർ സഹിതം)
2. പ്രവർത്തി പരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
3. ഫോട്ടോ, തിരിച്ചറിയൽ കാർഡ്